# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6655

12.07.2012- ൽ മറുപടിക്ക്

### സഹകരണ മേഖലയിലെ വിവിധ പദ്ധതികൾ

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. അച്ചുതൻ :

എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ കാലയളവുകളിലായി എന്തെല്ലാം ധനസഹായ പദ്ധതികളും വേതനവർദ്ധന, ജോലി സംരക്ഷണം എന്നിവ സഹകരണ മേഖലകളിൽ നടപ്പിലാക്കുകയുണ്ടായി; വിശദമാക്കുമോ;

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

എ) 2011-12 വർഷത്തിലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ ധനസഹായ പദ്ധതികൾ നടപ്പിലാക്കുകയും, 2012-13 വർഷത്തെ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരികയുമാണ്. ഇതിൽ താഴെ പറയുന്ന പുതിയ ധനസഹായ പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്.

1) കർഷക സേവന കേന്ദ്രം പദ്ധതി കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ബ്ലോക്ക് തലത്തിൽ കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് 2012-13 വാർഷിക പദ്ധതിയിൽ ഓഹരി മൂലധനം സബ്സിഡി ഇനങ്ങളിൽ ധനസഹായം നൽകുന്നതിന് തുക വകയിരുത്തി.

2) കൃത്യമായി കാർഷിക കടവായ്പ തിരിച്ചടക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 'ഉത്തേജന പലിശ ഇളവ് പദ്ധതി' 2011-12 വർഷം നടപ്പിലാക്കുകയും 1 കോടി രൂപ വകയിരുത്തുകയും ചെയ്തു നബാർഡ് റീ ഫൈനാൻസോടുകൂടിയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി നൽകുന്നതിന് ഉത്തരവായി.

കൂടാതെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകി വരുന്ന ആനുകൂല്യത്തിന് പരിധി

ഒരു ലക്ഷം രൂപയിൽ നിന്നും ഒന്നര ലക്ഷം രൂപയായി 2012 വർഷം മുതൽ വർദ്ധിപ്പിക്കുകയും, മാരക രോഗങ്ങൾ ബാധിച്ചവരുടെ വായ്പകളിൽ 75,000/- രൂപ വരെ ആനുകൂല്യം നൽകുന്നതിനും പദ്ധതിയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

വേതന വർദ്ധനവ്, ജോലി സംരക്ഷണം എന്നിവ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘം/ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെ പ്രതിമാസ വേതനം കമ്മീഷൻ തുകയുടെ 2/3 ഭാഗം, പരമാവധി 3,000/- ആയിരുന്നത് 4,000/- രൂപ ആയി വർദ്ധിപ്പിക്കുകയും, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി സഹകരണ സംഘം ജീവനക്കാർക്കും ബാധകമാക്കുകയും 3 സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കർഷകർക്കും റിസ്ക് ഫണ്ട് പദ്ധതി അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുള്ളവർക്കും സഹകരണ സംഘം ജീവനക്കാർക്കും ആണ് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളത്. |
| സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ? | സി) കർഷക സേവന കേന്ദ്രം ആരംഭിക്കുന്നതിനായി 2012-13 വാർഷിക പദ്ധതിയിൽ ഓഹരി മൂലധനം ഇനത്തിൽ 666 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 334 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1,000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പ കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് 5 ശതമാനം പലിശ ഇളവ് അനുവദിക്കുന്നതിനായി 1 കോടി രൂപ 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു. നടപ്പു വർഷവും പദ്ധതി തുടരുന്നതാണ്. നബാർഡ് റീ ഫൈനാൻസ് മുഖേനയുള്ള ഹ്രസ്വകാല വായ്പകൾ പലിശ രഹിത വായ്പയായി നൽകുന്നതിന്റെ ഭാഗമായി 32 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. |

സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകുന്നതിനായി പദ്ധതിയുടെ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ സംഘം/ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന നിക്ഷേപ/ വായ്പാ പിരിവുകാരുടെ പ്രതിമാസ വേതനം കമ്മീഷൻ തുകയുടെ 2/3 ഭാഗം, പരമാവധി 3000/- ആയിരുന്നത് 4000/- രൂപ ആയി വർദ്ധിപ്പിക്കുകയും, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി സഹകരണ സംഘം ജീവനക്കാർക്കും ബാധകമാക്കുകയും കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സഹകരണ സംഘത്തിന്റേയും (കോയിൻസ്), പാലാ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്ത്യ ക്രംപ് ഫാക്ടറിയിലെ ജീവനക്കാരുടെയും കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷനിലെ ജീവനക്കാരുടെയും ശമ്പളവും അലവൻസും പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ